# പത്രക്കുറിപ്പ് (14.10.2016)

**കഞ്ചാവ് വിൽപന കേസ്സുകളിലെ പ്രതിയെ കാപ്പാ പ്രകാരം അറസ്റ്റ് ചെയ്തു.**

ജയിലിലേയ്ക്ക് കഞ്ചാവ് കടത്തുവാൻ ശ്രമിച്ചതുൾപ്പടെ നിരവധി കഞ്ചാവ് വിൽപന കേസ്സുകളിലെ പ്രതിയായ പുല്ലഴി കേരള ലക്ഷ്മി മില്ലിന് സമീപം വലിയതോപ്പ് റോഡിൽ താമസിക്കുന്ന തെക്കിൻകാട്ടിൽ വീട്ടിൽ അബ്ബാസ് മകൻ അസ്കർ, 28 വയസ്സ് എന്നയാളെയാണ് തൃശ്ശൂർ ജില്ലാ കളക്ടർ ഡോക്ടർ എ. കൗശികൻ IAS ന്റെ ഉത്തരവ് പ്രകാരം തൃശ്ശൂർ ടൗൺ വെസ്റ്റ് പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ പി.വി. സിന്ധു, എ.എസ്.ഐ. ബിനൻ, സി.പി.ഒ വിനോദ് എന്നിവരടങ്ങുന്ന സംഘം അറസ്റ്റ് ചെയ്തത്. വിദ്യാർത്ഥികൾ ഉൾപ്പടെയുള്ള ചെറുപ്പക്കാർക്ക് കഞ്ചാവ് വിൽപന നടത്തി വന്നിരുന്ന അസ്കറിന്റെ സാമൂഹ്യവിരുദ്ധ പ്രവർത്തികൾ പൊതുജീവിത ക്രമത്തെ സാരമായി ബാധിച്ചതിനെ തുടർന്ന് തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ജെ. ഹിമേന്ദ്രനാഥ് IPS ആണ് അസ്കറിനെതിരെ KAAPA ചുമത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. കഞ്ചാവ് വിൽപനയ്ക്ക് പുറമെ പെട്രോൾ പമ്പ് ജീവനക്കാരനെ കവർച്ച ചെയ്ത കേസ്സിലും ഉൾപ്പെട്ട പ്രതി ഗുണ്ടാസംഘങ്ങളുമായി ചേർന്ന് കൊഴിഞ്ഞാംമ്പാറ തോണിപ്പളം സ്വദേശിയായ പ്രദോഷ് എന്നയാളെ കൊഴിഞ്ഞാംമ്പാറയിൽ വെച്ച് ബോംബെറിഞ്ഞും, മാരകായുധങ്ങൾ ഉപയോഗിച്ചും വെട്ടിക്കൊലപ്പെടുത്തിയതിന് കൊഴിഞ്ഞാംമ്പാറ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിൽ വിചാരണ നടപടികൾ നടന്നുകൊണ്ടിരിക്കെയാണ് KAAPA പ്രകാരം അറസ്റ്റിലാകുന്നത്. പ്രതിയുടെ സംഘത്തിൽപ്പെട്ട പ്രായപൂർത്തിയാകാത്ത കുട്ടിയെ ഒന്നര കിലോയോളം കഞ്ചാവും മാരകായുധങ്ങളുമായി തൃശ്ശൂർ ടൗൺ വെസ്റ്റ് സി.ഐ. വി.കെ. രാജു കഴിഞ്ഞയാഴ്ച പിടികൂടിയിരുന്നു.




Sd/-

ജില്ലാ പോലീസ് മേധാവി,
തൃശ്ശൂർ സിറ്റി.